# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് -റോഡ് പുനരുദ്ധാരണ പദ്ധതി പ്രീക്വാളിഫിക്കേഷൻ ടെണ്ടർ കാലാവധി 14 ദിവസമായി കുറവുചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.363/11/തസ്വഭവ                    തിരുവനന്തപുരം,തീയതി : 03.02. 2011.

---

പരാമർശം:-1. 10.12.2010-ലെ സ.ഉ.(സാധാ) നമ്പർ:1864/10/പിഡബ്ലിയുഡി

2. 24.01.2011-ലെ കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ എ5-470/10 നമ്പർ കത്ത്

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 70 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന പ്രവൃത്തികൾക്ക് പ്രീക്വാളിഫിക്കേഷൻ ടെണ്ടർ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത്തരം ടെണ്ടർ നടപടികൾക്ക് 28 ദിവസമാണ് കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പരാമർശം (1) പ്രകാരം പൊതുമരാമത്ത്വകുപ്പിലെ പ്രീക്വാളിഫിക്കേഷൻ ടെണ്ടറിന്റെ കാലാവധി 14 ദിവസമായി കുറവ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(2) ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ള റോഡ് പുനരുദ്ധാരണപദ്ധതികളുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ കാലാവധി 28 ദിവസത്തിൽ നിന്നും 14 ദിവസമായി കുറവ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെഉത്തരവിൻപ്രകാരം;
ബി.സരസ്വതി അമ്മ,
അഡീഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണവകുപ്പ്
} ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കേണ്ടതാണ്.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം
ഡയറക്ടർ,ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.